**കേരള സർക്കാർ**

നമ്പർ:ഡിബി4/10/2018-തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 31/01/2019

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ധനസഹായത്തോടെ ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക് കരാർ റദ്ദ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23-03-2017ലെ 2.12-ാം നമ്പർ തീരുമാനം.

2. 92/ഡിബി1/17/തസ്വഭവ തീയതി 25/05/2017.

3. പഞ്ചായത്ത് ഡയറക്ടറുടെ 03/01/2019ലെ ജെ2/27251/2018 നം.കത്ത്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക്, ഒഴിച്ചുകൂടാൻ പറ്റാത്ത സാഹചര്യത്തിൽ വീട് വിൽക്കേണ്ടി വരുമ്പോൾ ഇതിനായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ച് അനുമതി വാങ്ങുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി ഇക്കാര്യത്തിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ പ്രത്യേകമായി അന്വേഷിച്ച്, അനുവാദം നൽകുന്നതിന് സൂചന (1) പ്രകാരം തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ ഇഎംഎസ് ഭവന പദ്ധതി പ്രകാരം, കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരിച്ചടച്ചുവെന്ന് ഉറപ്പുവരുത്തിയശേഷം, അപേക്ഷകന്റെ പേരിലുള്ള കരാർ റദ്ദ് ചെയ്ത് നൽകുന്നതിനുള്ള അനുവാദം നൽകുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് സൂചന (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സമാനമായ ഭവന പദ്ധതികൾ പ്രകാരം ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കളുടെ കരാർ റദ്ദ ചെയ്യുന്നത് സംബന്ധിച്ച് ,നിരവധി അപേക്ഷകൾ സർക്കാരിൽ ലഭിക്കുന്നുണ്ട്. ഈ സാഹചര്യത്തിലും സൂചന (1) തീരുമാനത്തിന്റെ അടിസ്ഥാനത്തിലും ഇ എം.എസ്

ഭവന പദ്ധതിയ്ക്ക ബാധകമാക്കി സർക്കാർ പുറപ്പെടുവിച്ച സൂചന (2) സർക്കുലറിലെ വ്യവസ്ഥകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സമാനമായ ഭവന പദ്ധതികൾക്കു കൂടി ബാധകമാക്കിക്കൊണ്ട് ജില്ലാ കളക്ടർമാരെ ഇക്കാര്യത്തിൽ അനുമതി നൽകുന്നതിന് ചുമതലപ്പെടുത്തുന്നു.

പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

എല്ലാ ജില്ലാ കളക്ടർമാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി.